"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുനർവിന്യാസം - മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ നിന്നും റാന്നി ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യസിച്ചിരിക്കുന്ന ശ്രീ ജിതേഷ് കെ പടനിലത്തെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം ശ്രീമതി ആശ എസ് എ -യെ ചെങ്ങന്നൂർ നഗരസഭയിൽ നിലവിലുള്ള ഒഴിവിൽ പുനർവിന്യസിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1/2023/LSGD **തീയതി,തിരുവനന്തപുരം, 01-01-2023**

---

പരാമർശം:-

1. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ 28/09/2021-ലെ ഇ(3)9602/2021 നമ്പർ കത്തും ഉള്ളടക്കവും.
2. ചെങ്ങന്നൂർ നഗരസഭാ സെക്രട്ടറിയുടെ 10/03/2022-ലെ ജി1-4264/06 നമ്പർ കത്ത്.
3. ഗ്രാമവികസന കമ്മീഷണറുടെ 29/10/2022-ലെ 526/എസ്റ്റാ.സി4/2022/സിആർഡി നമ്പർ കത്ത്.
4. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ 04/11/2022-ലെ ഇ(3)9602/2021 നമ്പർ കത്തും ഉള്ളടക്കവും.

**ഉത്തരവ്**

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ നിന്നും റാന്നി ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യാസ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ ജിതേഷ് കെ പടനിലം മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ തുടർനടപടികൾക്കായി പരാമർശം (1) പ്രകാരം വകുപ്പ് മേധാവി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ടിയാനെതിരെ റാന്നി ബ്ലോക്ക് പഞ്ചായത്തിൽ വിജിലൻസ് അന്വേഷണങ്ങളോ മറ്റ് നടപടിക്രമങ്ങളോ നിലവിലില്ല എന്ന് പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ശ്രീ ജിതേഷ് കെ പടനിലത്തെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനു പകരം ശ്രീമതി ആശ എസ് എ-യെ ടിയാന്റെ ഓപ്ഷൻ പരിഗണിച്ച് പുനർവിന്യസിക്കുവാൻ പരാമർശം (4) പ്രകാരം ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചെങ്ങന്നൂർ നഗരസഭയിൽ നിലവിൽ വന്ന പുനർവിന്യാസ ക്ലാർക്കിന്റെ ഒഴിവ് നികത്തണമെന്ന മുനിസിപ്പൽ സെക്രട്ടറിയുടെ ആവശ്യം കൂടി കണക്കിലെടുത്ത് റാന്നി ബ്ലോക്ക് പഞ്ചായത്തിൽ പുനർവിന്യസിച്ചിരിക്കുന്ന ശ്രീ ജിതേഷ് കെ പടനിലത്തെ മാതൃവകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ചുകൊണ്ടും പകരം ശ്രീമതി ആശ എസ് എ -യെ ടിയാന്റെ ഓപ്ഷൻ പരിഗണിച്ച് നിലവിലെ പുനർവിന്യാസ വ്യവസ്ഥകൾക്കു വിധേയമായി ചെങ്ങന്നൂർ നഗരസഭയിൽ

നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BALUMAHENDRA B

അണ്ടർ സെക്രട്ടറി

ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, എൽഎസ്ജിഡി (റൂറൽ), സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.

ശ്രീ ജിതേഷ് കെ പടനിലം, ക്ലർക്ക്, റാന്നി ബ്ലോക്ക് പഞ്ചായത്ത്. (മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)

ശ്രീമതി ആശ എസ് എ, ക്ലർക്ക്, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, റാന്നി ബ്ലോക്ക് പഞ്ചായത്ത്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, കേരള (ഓഡിറ്റ്), തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ